Item Code: 944 Participant Code: 114

വിഷയം : നവമാധ്യമങ്ങളും മലയാളികളുടെ
സാമൂഹ്യജീവിതവും.

# മാറുന്ന ലോകവും
# മലയാളിയും

"ഈ പ്രപഞ്ചത്തെ കൈയിലമ്മാനമാടുന്നൊ-
രത്ഭുത സന്മാർഗശക്തിയെ കണ്ടിട്ടില്ലേ ?
ഞാനാണനന്ത-ഗുണനാം മനുഷ്യൻ - ചലിക്കുന്നു
ഞാന-ഹർന്നിശമെന്റെ സന്ദേശം ജയിക്കുന്നു!"

ആഴിയുടെ ആഴങ്ങൾ ആരായുകയും, ഊഴിക്ക് വലം വയ്ക്കുകയും, ആകാശത്തിന്റെ വിരിമാറിൽ അത്ഭുതങ്ങൾ വിരചിക്കുകയും ചെയ്യുന്ന മാസ്മരിക ശക്തിയാണ് മനുഷ്യൻ. ശിലായുഗത്തിൽ നിന്ന് ആറ്റം യുഗത്തിലേക്ക് മനുഷ്യൻ നടത്തിയ പരിണാമം ശാസ്ത്ര-സാങ്കേതിക

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

വികാസത്തിന്റെ നേർരേഖയാണ്.

മണിച്ചട്ടത്തിൽ തുടങ്ങി, കാൽക്കുലേറ്ററിലൂടെ വളർന്ന്, ഇന്ന്, ഇന്റർനെറ്റ് യുഗത്തിൽ പൂത്തുലഞ്ഞ് നിൽക്കുന്ന നവമാധ്യമശൃംഖലയുടെ സദ്ഫലങ്ങൾ ഇളംപ്രായത്തിൽ തന്നെ അനുഭവിക്കുന്നവരാണ് ആധുനിക കേരളീയർ. നവമാധ്യമങ്ങളുടെ വളർച്ച എത്ര അധികമായി മലയാളിയുടെ സാമൂഹ്യജീവിതത്തെ സ്വാധീനി-ച്ചിരിക്കുന്നു എന്ന് അറിയാൻ, ഒരു പതിറ്റാണ്ട് മുൻപുള്ള കേരളീയനെയും ഇന്നത്തെ കേരളീയനെയും താരതമ്യം ചെയ്താൽ മാത്രം മതി!

1918-ൽ, ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനകാലത്ത് ലോകം മുഴുവൻ പടർന്നു പിടിച്ച 'സ്പാനിഷ് ഫ്ലൂ'-വിന് ശേഷം, ലോകം മുഴുവൻ ഒരേ ഭയം; ഒരേ വെല്ലുവിളി; ഒരേ സമരം നേരിട്ടത് കോവിഡ് കാലത്താണ്. ആ പ്രതിസന്ധി ഘട്ടത്തിലും മലയാളിയുടെ സാമൂഹ്യജീവിതം താളം തെറ്റാതെ, ഒരു പരിധി വരെയെങ്കിലും സംരക്ഷിച്ചത് നവമാധ്യമശൃംഖലയാണ് എന്നത് നിസ്സംശയം.

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

പറയാവുന്ന വസ്തുതയാണ്.

സാധ്യതകളുടെ അനന്തമായ വാതായന-ങ്ങളാണ് നവമാധ്യമങ്ങൾ കേരളീയനു മുന്നിൽ തുറന്നു വക്കുന്നത്. കമ്പിത്തപാൽ വഴി സന്ദേശങ്ങൾ അയയ്ക്കുകയും സ്വീകരിക്കുകയും ചെയ്ത നൂറ്റാണ്ടിൽ നിന്ന്, ഒരു സ്മാർട്ട് ഫോണിന്റെ ദീർഘചതുര സ്ക്രീനിൽ ലോകത്തിന്റെ ഏതു കോണിലുമുള്ളവരെയും നേരിട്ട് കണ്ട് സംസാരിക്കാവുന്ന സ്ഥിതിയിലേക്ക് നവമാധ്യമങ്ങൾ വളർച്ച പ്രാപിച്ചിരിക്കുന്നു.

മഹാത്മാ ഗാന്ധി ഇപ്രകാരം പറഞ്ഞിരിക്കുന്നു: "വിദ്യാഭ്യാസം എന്നത് ഒരു വ്യക്തിയുടെ സമഗ്ര പരിശീലനമാണ്; വളർച്ചയാണ്. സാമൂഹ്യ പരിവർത്തനത്തിലേക്ക് അത് വഴി തെളിക്കുന്നു." ഗുരുവാക്യം നന്നെങ്കിലും വൈവിധ്യമാർന്ന ഒട്ടനവധി പഠനരീതികൾ ഇന്ന് സ്വീകരിക്കപ്പെടുന്നു. വിരൽത്തുമ്പിൽ ഒരു വിഷയത്തെക്കുറിച്ച് വിശാലമായ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അറിവുകൾ ലഭ്യമാകുന്നത് മലയാളിയുടെ
വിദ്യാഭ്യാസപ്രക്രിയയെയും ഗവേഷണോത്സുകതയെയും
വളർത്താൻ സഹായിച്ചിരിക്കുന്നു. കോവിഡ്
കാലത്ത് 'കൈറ്റ് വിക്ടേഴ്സ്' ടെലിവിഷൻ,
യൂട്യൂബ് ചാനലുകളിലൂടെ അവതരിപ്പിച്ച
പാഠഭാഗങ്ങൾ നവമാധ്യമങ്ങളുടെ സംഭാവനയുടെ
ഉത്തമ ഉദാഹരണമാണ്. ആർജ്ജിത ബുദ്ധിയുടെ
സഹായത്തോടെയുള്ള നൂതന വിദ്യാഭ്യാസ
രീതി പഠിതാക്കൾക്ക് നവീനമായ ഒരു
ദൃശ്യ-ശ്രാവ്യ അനുഭവം പകർന്നു നൽകുന്നു.

ആരോഗ്യമേഖലയിലും വിപ്ലവകരമായ
ചുവടുവയ്പുകൾ നടത്താൻ നവമാധ്യമങ്ങൾ
കേരളത്തെ ഇന്ന് സഹായിക്കുന്നു. 'ദ് ലാൻസെറ്റ്'
ആരോഗ്യമാസിക കേരളത്തിന്റെ കോവിഡ്
പ്രതിരോധ സംവിധാനങ്ങളെ അഭിനന്ദിച്ചത്
നവമാധ്യമങ്ങളുടെ കൃത്യമായ ഉപയോഗത്തിലൂടെ
കൈവന്ന നേട്ടമാണ്. 'ടെലി-മെഡിസിൻ' ഇന്ന്
കേരളത്തിൽ വ്യാപകമായിരിക്കുന്നു.
'മൃതസഞ്ജീവനി', 'ആരോഗ്യസേതു' തുടങ്ങിയ

ആപ്പുകളും പോർട്ടലുകളും പൊതുജനാരോഗ്യ സംരക്ഷണത്തിലെ നാഴികക്കല്ലുകളാണ്.

2025-ലെ വികസിത ഇന്ത്യയെക്കുറിച്ച് സ്വപ്നങ്ങൾ നെയ്ത മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം, വികസിതമായ ഇന്ത്യ പരിഷ്കൃത ഗ്രാമങ്ങളുടെ രാഷ്ട്രം ആയിരിക്കണമെന്ന് നിഷ്കർഷിച്ചു. ആ സ്വപ്ന സാക്ഷാത്കാരം എന്നതു പോലെ, ഇന്ന് കേരളത്തിലെ കൊച്ചു ചായക്കടകളിൽ പോലും 'ഗൂഗിൾ പേ'യും 'ഫോൺ പേ'യും സുലഭമായിരിക്കുന്നു. ആധുനിക ജീവിതത്തിലെ തിരക്കുകൾക്കിടയിൽ നെട്ടോട്ടമോടുന്ന മലയാളിക്ക് സ്വാദിഷ്ടമായ ഭക്ഷണം വീടുകളിൽ എത്തിച്ചു നൽകാൻ സുസജ്ജമായി ഓൺലൈൻ ഭക്ഷണവിതരണ ശൃംഖലകൾ വിപണി ഭരിക്കുന്നു. പുതു തലമുറ മലയാളികൾ, ഇന്ന് കടകളിൽ നേരിട്ടെത്തി വ്യാപാരം നടത്തുന്നതിലും, ഓൺലൈൻ ഉത്പന്നങ്ങളെ ഇഷ്ടപ്പെടുന്നു.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ഇക്കഴിഞ്ഞ പുതുവത്സരദിനത്തിലെ ഒരു പത്രവാർത്ത ഏറെ കൗതുകകരവും, അതോടൊപ്പം തന്നെ ആശങ്കാവഹവുമാണ്. കേരളത്തിന്റെ ഭാവിയെക്കുറിച്ച് കൃത്രിമബുദ്ധി-യുടെ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള 'ചാറ്റ് ബോട്ട്' ഇപ്രകാരം എഴുതി: "2023 കേരളത്തെ സംബന്ധിച്ചിടത്തോളം പുരോഗതിയുടെ വർഷമായിരിക്കും! ശാസ്ത്രസാങ്കേതിക രംഗങ്ങൾ വികസിക്കും. എന്നാൽ, യുവജനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഭാവിയിൽ കേരളത്തിലുണ്ടാകും. അതിനാൽ, വയോധികർ റോബോട്ടുകളെ ആശ്രയിക്കുന്ന കാലം വിദൂരമല്ല!

അതെ, 'ആൻഡ്രോയിഡ് കുഞ്ഞപ്പൻ' എന്ന ചലച്ചിത്രം പങ്കുവെച്ച ആശയം കേരളത്തിൽ സംഭവിക്കുന്ന കാലം വിദൂരമല്ലെന്ന്!

"നമുക്ക് നാമേ പണിവതു നാകം
നരകവുമതുപോലെ!"

അനന്തമായ സാധ്യതകളോടൊപ്പം അസംഖ്യമായ ബാധ്യതകളും നവമാധ്യമങ്ങൾ

Item Code: 944 Participant Code: 114

മലയാളിയുടെ സാമൂഹ്യജീവിതത്തിൽ സൃഷ്ടിച്ചിരിക്കുന്നു.

"ആരെയാണേറ്റവും ഇഷ്ടം ?
എന്നെത്തന്നെ !
അതു കഴിഞ്ഞാലോ ?
അതു കഴിയുന്നില്ലല്ലോ !"

കുടുംബത്തിൽ നിന്ന് അകന്നും, അപരരിൽ നിന്ന് അകന്നും, അവനവനും അവളവളും മാത്രമായി നവമാധ്യമങ്ങൾ ഒരുക്കുന്ന മാസ്മരികതയുടെ മായാപ്രപഞ്ചത്തിലേക്ക് ഇന്ന് മലയാളിയുവത്വം ഇടറി വീഴുന്ന കാഴ്ച എത്രയോ പരിതാപകരമാണ് ?

ഇൻസ്റ്റാഗ്രാമും, ഫെയ്സ്ബുക്കും, വാട്സാപ്പും, സ്നാപ്ചാറ്റുമൊക്കെ രക്ഷ തരുന്ന മോഹങ്ങളുടെ പെട്ടകങ്ങളാണെന്ന് ധരിച്ച് അതിനുള്ളിൽ കയറി തന്നിൽ നിന്നു തന്നെ ഒളിച്ചുപോവുകയല്ലേ, ഈ വെട്ടം കെട്ട കാലത്തിന്റെ മാനവനം ? ഒരു നാട്ടിൻപുറത്തെ സകല

61st Kerala State School Kalolsavam - Jan 03 To 07, 2023

Kozhikode

Item Code: 944 Participant Code: 114

ആളുകളുമായും ആത്മബന്ധം ആത്മബന്ധം
പുലർത്തിയിരുന്ന പൂർവികരിൽ നിന്ന്, സ്വന്തം
അയൽവാസിയുടെ പേര് പോലും അറിയാത്ത
ഒരു തലമുറ ഇവിടെ വളർന്നു വരുന്നുവെങ്കിൽ
അത് നവമാധ്യമങ്ങളുടെ അശാസ്ത്രീയ ഉപയോഗ-
ത്തിന്റെ പരിണിതഫലമാണ്.

പ്രണയം നടിക്കാനും, പണം കാട്ടി
വഞ്ചിക്കാനും, പ്രലോഭിപ്പിക്കാനും വിരുതുള്ള
കാപട്യത്തിന്റെ മൊത്തക്കച്ചവടക്കാർ
നവമാധ്യമങ്ങളെ തങ്ങൾക്കിണങ്ങുന്ന അങ്ങാടിയാക്കി
മാറ്റിയിരിക്കുന്നു. കൗമാര തിരോധാനങ്ങൾ
കേരളത്തിൽ ഇന്ന് പതിവു കാഴ്ചയാണ്. വ്യാജ
മേൽവിലാസങ്ങൾ നിർമ്മിച്ച്, കുട്ടികളെയും
മുതിർന്നവരെയും ഒരു പോലെ പറ്റിക്കുന്ന
തട്ടിപ്പുസംഘങ്ങൾ നവമാധ്യമങ്ങളിൽ ഇന്ന്
ഏറെയാണ്. അവർ വിരിക്കുന്ന വലകളിൽ
അകപ്പെട്ട് ജീവനും ജീവിതവും നഷ്ടപ്പെട്ട
എത്രയോ ജന്മങ്ങൾ!

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

കഴിഞ്ഞ വർഷം നവമാധ്യമങ്ങൾക്ക്
അടിമപ്പെട്ട് മാനസികാരോഗ്യം കൈവിട്ട് ആത്മഹത്യ
യിലേക്ക് വീണു പോയ ഒരു പതിനാറ്
വയസ്സുകാരി മലയാളിയുടെ തീരാനൊമ്പരമാണ്.
പത്താം ക്ലാസ്സിൽ ഉന്നതവിജയം നേടിയ ആ
കുട്ടി, കോവിഡ് കാലത്ത് സമൂഹമാധ്യമങ്ങൾക്ക്
അടിമയാവുക ആയിരുന്നു. അവളുടെ ആത്മഹത്യാ
കുറിപ്പിൽ ഇപ്രകാരം എഴുതിയിരുന്നു - "എന്റെ
അനിയത്തിക്ക് ഫോൺ കൊടുക്കരുത്; അവൾ
എങ്കിലും ജീവിക്കട്ടെ!"

'ഹണി ട്രാപ്പ്' മാതൃകയിലുള്ള
ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളും ഇന്ന്
പതിവു കാഴ്ചയാണ്. യുവജനങ്ങളുടെ
ആരാധനാപാത്രങ്ങളായ ചലച്ചിത്ര- കായിക
താരങ്ങൾ പോലും കേവല ലാഭത്തിനുവേണ്ടി
ഓൺലൈൻ ചൂതാട്ടങ്ങളുടെ പരസ്യങ്ങളുമായി
രംഗത്തെത്തുന്നു. വീണു കഴിഞ്ഞാൽ തിരിച്ചു
കയറാൻ കഴിയാത്ത തരത്തിലുള്ള സാമ്പത്തിക
തട്ടിപ്പുകളിൽ വീഴുന്നവർ കടുത്ത നൈരാശ്യത്തി-

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ലോകത്ത് നിന്നു പോയി, ജീവനൊടുക്കുന്നു. കഴിഞ്ഞ വർഷം മാത്രം ഓൺലൈൻ തട്ടിപ്പുകളിൽ ധനം നഷ്ടപ്പെട്ട് ജീവനൊടുക്കിയ യുവാക്കളുടെ എണ്ണം നൂറിൽ അധികമായിരിക്കും.

പുതിയ രൂപങ്ങളിലും ഭാവങ്ങളിലും ദിവസേന പുറത്തിറങ്ങുന്ന ഓൺലൈൻ ഗെയിമുകളും നവമാധ്യമ രംഗത്തിലെ ചതിക്കുഴികളാണ്. ബ്ലൂ വെയിൽ, പബ്ജി, ഫ്രീഫയർ എന്നിവ മുതൽ ചെറിയ കുട്ടികൾ കാണുന്ന കാർട്ടൂണുകൾ പോലും മാനസികാരോഗ്യം നശിപ്പിക്കാനും കടുത്ത നൈരാശ്യത്തിലേക്കും വിഷാദത്തിലേക്കും തള്ളിവിടാൻ ഉതകുന്നവയുമാണ്. ഈ വെല്ലുവിളികളെല്ലാം സമാധാനപരമായ ഒരു സാമൂഹ്യജീവിതത്തിൽ കരിനിഴൽ വീഴ്ത്തുന്നു.

കഴിഞ്ഞ 2021-ൽ പുറത്തിറങ്ങിയ 'ഹോം' എന്ന ചലച്ചിത്രം മലയാളികൾ ഇരുകൈയും നീട്ടി സ്വീകരിച്ചത് അത് അത്രമേൽ അവരുടെ ജീവിതത്തോട് ബന്ധപ്പെട്ടിരിക്കുന്നതിനാലാണ്

പ്രായം നഷ്ടപ്പെടുത്തിയ സാങ്കേതികതിരിവുകളിൽ കാലിടറി വീഴുന്ന അനേകം മുതിർന്നവർ നമുക്കിടയിലുണ്ട്. പുറം ലോക ജീവിതം വീടുകൾക്കുള്ളിൽ കയറി ഭരണം തുടങ്ങിയപ്പോൾ ഭവനങ്ങളിലെ സ്വാഭാവിക നർമ്മ സംഭാഷണങ്ങൾ അകാലമൃത്യു വരിച്ചു. കൊട്ടാരസദൃശ്യമായ മണിമന്ദിരങ്ങളും, പണവും, പ്രൗഢിയും ഇന്ന് വർധിച്ചുവെങ്കിലും മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിന് ഇന്ന് അടിക്കടി വിള്ളലുകൾ വീഴുന്നു.

കഴിഞ്ഞ വാരം വാർത്തകളിൽ നിറഞ്ഞു നിന്ന 'ഇ-സിഗരറ്റ്' എന്ന ഉത്പന്നം നവമാധ്യമങ്ങളിലൂടെ പടർന്നു കയറുന്ന ലഹരി ശൃംഖലയുടെ ഏറ്റവും പുതിയ ഉദാഹരണമാണ്. 'ജീവിതം ഒന്നേയുള്ളൂ; അതിനാൽ നമുക്ക് കുടിച്ചും കഴിച്ചും സന്തോഷിക്കാം' എന്ന എപ്പിക്യൂറിയൻ വാദഗതി പിന്തുടർന്ന് സ്വാദിന്റെയും ആസ്വാദ്യതയുടെയും പിന്നാലെ പരക്കം പായാൻ നവമാധ്യമങ്ങളിലെ

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ചതിക്കുഴികൾ വേദിയൊരുക്കുന്നു:

സമൂഹമാധ്യമങ്ങളിൽ ഇന്ന് വർധിച്ചു വരുന്ന വർഗീയ- വംശീയ -വിദ്വേഷ സന്ദേശങ്ങൾ മലയാളിയുടെ സാംസ്കാരിക സമ്പന്നതക്ക് കടുത്ത വെല്ലുവിളിയാണ്. കഴിക്കുന്ന ആഹാരത്തിന്റെയും, ധരിക്കുന്ന വസ്ത്രത്തിന്റെയും പോലും പേരിൽ അന്യരുടെ വികാരങ്ങൾ വ്രണപ്പെടുത്തുന്ന രീതിയിലുള്ള സന്ദേശങ്ങൾ ഇന്ന് വ്യാപകമായി പങ്കുവയ്ക്കപ്പെടുന്നു. കുരുന്നു മനസ്സുകളിൽ വീഴുന്ന വർഗീയ വിഷത്തിന്റെ വിത്തുകൾ ഭാവിയിൽ വംശ വെറിയുടെ വൻ വൃക്ഷങ്ങളാകുമെന്ന് നമുക്ക് മറക്കാതിരിക്കാം.

“മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ”

നവമാധ്യമങ്ങൾ ആധുനിക മലയാളിയുടെ സാമൂഹ്യജീവിതത്തിൽ സാധ്യതകളും വെല്ലുവിളികളും ഒരു പോലെ സൃഷ്ടിക്കുന്നു എന്നത് വാസ്തവമാണ്. നവമാധ്യമങ്ങൾ

Item Code: 944 Participant Code: 114

പുറപ്പെടുവിക്കുന്ന സന്ദേശങ്ങൾ സ്വീകരിക്കാനും, വെല്ലുവിളികളിൽ നിന്ന് ഒഴിഞ്ഞു മാറാനുമുള്ള വിവേകമാണ് മലയാളി ~~അ~~ പ്രധാനമായി ആർജ്ജിച്ചെടുക്കേണ്ടത്.

നവമാധ്യമരംഗത്ത് പതിയിരിക്കുന്ന കെണികൾക്കെതിരെ 'കേരള പോലീസിന്റെ' സൈബർ വിഭാഗം ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു എന്നത് ആശാവഹമാണ്. പോലീസിന്റെ സമൂഹമാധ്യമ അക്കൗണ്ടുകൾ ലക്ഷങ്ങൾ ഇന്ന് പിന്തുടരുന്നു. വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും ആയി നവമാധ്യമങ്ങളുടെ സുരക്ഷിത ഉപയോഗത്തിനായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണം.

നവമാധ്യമങ്ങളുടെ വിവേകപൂർണമായ ഉപയോഗത്തെക്കുറിച്ച് പാഠ്യപദ്ധതിയിൽ കൃത്യമായ പരാമർശങ്ങൾ ഉണ്ടാകണം. അനധികൃത ഓൺലൈൻ സൈറ്റുകൾക്ക് തടയിടാൻ കൃത്യമായ നിയമനിർമ്മാണങ്ങൾ അത്യന്താപേക്ഷിതമാണ്. വിവരവിസ്ഫോടനം നവമാധ്യമങ്ങളിൽ ഇന്ന് അരങ്ങേറുന്നു. നമുക്ക് ആവശ്യമുള്ളതിലും അധികം

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

കാര്യങ്ങൾ ദിവസേന കാണുകയും കേൾക്കുകയും ചെയ്യുന്നത് മാനസികാരോഗ്യവും സാമൂഹിക സുസ്ഥിരതയും നശിപ്പിക്കുന്നു.

'മിന്നുന്നതെല്ലാം പൊന്നല്ല' എന്നു മനസ്സിലാക്കി, സാധ്യതകളെ ചവിട്ടുപടികളാക്കി, വെല്ലുവിളികളെ ഇന്ധനമാക്കി സുസ്ഥിരവും സന്തുഷ്ടവുമായ ഒരു സാമൂഹ്യസൃഷ്ടിക്കായി നമുക്ക് പ്രയത്നിക്കാം. കുമാരനാശാൻ 'നോവലിസ്റ്റ്' എന്നും തകഴി 'കവി' എന്നും മാറിപ്പറയുന്ന പുതുതലമുറ വായനയുടെ സൗന്ദര്യത്തിലേക്കും മടങ്ങിപ്പോകട്ടെ; ശാസ്ത്ര വികാസങ്ങളോട് കരം കോർക്കട്ടെ.

'ആശിച്ചാൽ പോരാ യാതൊന്നും,
ആർജ്ജിക്കാൻ ഉദ്യമിക്കണം...'

---